## കാതോലിക്കാ ദിനം

...നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു... *(പ. വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യകൽപ്പന)*

...പ്രിയരെ, വലിയനോമ്പിലെ മുപ്പത്താറാം ഞായറാഴ്ച ഈ വർഷവും കാതോലിക്കാദിനമായി നമ്മുടെ എല്ലാ ഇടവകകളിലും ആചരിക്കേണ്ടതാകുന്നു. കാതോലിക്കാദിനാഘോഷം മൂലം സഭയുടെ അഭിവൃദ്ധിക്കും കാതോലിക്കേറ്റിന്റെ നിലനില്പിനും സത്യവിശ്വാസത്തിന്റെ പ്രചരണത്തിനുംവേണ്ടി ആത്മാർത്ഥമായി പ്രയത്നിക്കാനുള്ള പ്രേരണയും സന്നദ്ധതയും സഭാംഗങ്ങൾക്ക് ഉണ്ടാകണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ ഉദ്ദേശ്യനിവൃത്തിക്ക് അനുയോജ്യമായ രീതിയിലായിരിക്കണം കാതോലിക്കാ ദിനം ആചരിക്കുന്നത്. ഈ ദിനത്തിൽ സഭാംഗങ്ങൾ എല്ലാവരും പള്ളിയിൽ പോകുകയും വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്യണം. വിശുദ്ധ കുർബ്ബാനമദ്ധ്യേ സഭയ്ക്കും കാതോലിക്കേറ്റിനും വേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തണം. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം പൊതുയോഗങ്ങൾകൂടി സത്യവിശ്വാസം, കാതോലിക്കാ സിംഹാസനം, സഭാചരിത്രം മുതലായ വിഷയങ്ങളെപ്പറ്റി പ്രസംഗങ്ങൾ നടത്തുകയും ചെയ്യണം... *(പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ – 1961 ഫെബ്രുവരി 10–ലെ കൽപ്പന)*

...നോമ്പിലെ മുപ്പത്താറാം ഞായറാഴ്ച (കാതോലിക്കാദിനം) സഭാദിനമായി ആഘോഷിക്കണം. ആഘോഷപരിപാടികൾ സഭാംഗങ്ങൾക്ക് സഭാകാര്യങ്ങളിൽ കൂടുതൽ ഔത്സുക്യവും തീക്ഷ്ണതയും ഉളവാകത്തക്കവണ്ണം ക്രമീകരിക്കണം. സഭാദിനത്തോടനുബന്ധിച്ച് നടത്തുന്ന കാതോലിക്കാദിനപ്പിരിവിലേയ്ക്ക് ഓരോ ഗൃഹനാഥനും സ്വന്തമായി വരുമാനമുള്ള സഭാംഗങ്ങളും ഉദാരമായി സംഭാവനചെയ്യണം. കുറഞ്ഞത് ഒരു ദിവസത്തെ മൊത്തവരുമാനമാണ് ഓരോരുത്തരിൽനിന്നും പ്രതീക്ഷിക്കുന്നത്... *(പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ – 1976 ജനുവരി 21–ലെ കൽപ്പന)*

### ഈ കാതോലിക്കാ ദിനത്തിൽ

- പ. സഭയ്ക്കു വേണ്ടിയും, ബാവാ തിരുമേനിക്കുവേണ്ടിയും, മേല്പട്ടക്കാർക്കു വേണ്ടിയും, വൈദികർക്കുവേണ്ടിയും, പ. സഭയിലെ സകല അംഗങ്ങൾക്കുവേണ്ടിയും മുട്ടിപ്പായി പ്രാർത്ഥിക്കുക
- കാതോലിക്കാ ദിനപ്പിരിവിൽ ഓരോ കുടുംബവും അവരുടെ ഒരു ദിവസത്തെ വരുമാനം സഭയ്ക്ക് നൽകി ആത്മാർത്ഥമായി പങ്കുചേരുക. അതിലൂടെ സഭയുടെ പുരോഗതിയിലും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും പങ്കുചേരുവാൻ നമുക്കുള്ള കടമ നിർവ്വഹിക്കുക.
- പ. സഭയേയും അതിന്റെ സ്വാതന്ത്ര്യത്തിന്റെ ആണിക്കല്ലായ കാതോലിക്കേറ്റിനേയും പറ്റി പ്രബോധിപ്പിക്കുക.

## കാതോലിക്കാദിനനിധിയിൽ നിന്നുമുള്ള പ്രധാനകർമ്മ പരിപാടികൾ

- കരൾ, കിഡ്നി-രോഗ ചികിത്സയ്ക്ക് **"സഹായ ഹസ്തം പദ്ധതി"**
- നേഴ്സിംഗ് സ്റ്റുഡൻസിന് യൂണിഫോം അലവൻസ്
- അർഹരായ 100 വിധവകൾക്ക് പെൻഷൻ പദ്ധതി.
- ശുശ്രൂഷകർക്കും പള്ളിമൂപ്പന്മാർക്കുമുള്ള ക്ഷേമപദ്ധതികൾ, സീനിയർ ശുശ്രൂഷകർക്കായി ഭവന-ചികിത്സാ സഹായത്തിനുള്ള പ്രത്യേക സഹായനിധി.
- വൈദികർക്കും കുടുംബത്തിനും ആരോഗ്യ ഇൻഷുറൻസും ക്ഷേമനിധിയും.
- അവികസിത പള്ളികൾക്കും ചാപ്പലുകൾക്കും കാതോലിക്കേറ്റ് സെന്ററുകൾക്കുമുള്ള ധനസഹായം.
- ഭവനനിർമ്മാണ-വിവാഹ ധനസഹായങ്ങൾ.
- ചികിത്സ - വിദ്യാഭ്യാസ ധനസഹായം
- ആത്മീയ സംഘടനകൾക്ക് ഗ്രാന്റ്

മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമെ നിലവിലുള്ള കർമ്മപദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കും തുക വകയിരുത്തിയിട്ടുണ്ട്.

# കാതോലിക്കാ ദിനം

**2021 മാർച്ച് 21**




**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

## മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

**നമ്പർ: 11/2021**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ..........................................................................................
.......................................................................................................................... വാഴ്‌വ്!

കർത്താവിൽ പ്രിയനെ,

മലങ്കര സഭയുടെ സ്വത്വബോധത്തിന്റെ പ്രകാശനമായ പൗരസ്ത്യ കാതോലിക്കേറ്റ് പരിശുദ്ധ സഭയുടെ അപ്പൊസ്തോലിക പൈതൃകത്തെയും തദ്ദേശീയതയെയും സ്വാതന്ത്ര്യത്തെയും ആഴത്തിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. മലങ്കര നസ്രാണിയുടെ ജീവന്റെ തുടിപ്പായ കാതോലിക്കേറ്റിന്റെ സ്ഥാപനത്തെയും പരിശുദ്ധാത്മ കൃപയിലുള്ള അതിന്റെ വളർച്ചയെയും ധന്യതയോടെ ഓർക്കുന്ന അവസരമാണ് കാതോലിക്കാദിനം. പരിശുദ്ധ സഭയുടെ ആത്മീയ ചൈതന്യം വർദ്ധിപ്പിക്കുവാനും കുടുംബങ്ങളെ വിശുദ്ധീകരിക്കുവാനും നാമോരോരുത്തരുടെയും വ്യക്തി ജീവിതം രൂപാന്തരപ്പെടുത്തുവാനും സമൂഹജീവിതത്തെ നന്മയിൽ കരുപ്പിടിപ്പിക്കുവാനും ഉതകുന്ന നിലയിൽ സഭാദിനാചരണം ക്രമീകരിക്കപ്പെടണം എന്ന് നാം ആഗ്രഹിക്കുന്നു.

2021-ലെ കാതോലിക്കാ ദിനം വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ മാർച്ച് മാസം 21-ാം തീയതിയാണല്ലോ. മലങ്കര നസ്രാണികളുടെ ഉന്നതമായ ആത്മീയ ബോധ്യങ്ങൾക്കും സംസ്കാരത്തിനും ഉചിതമായ രീതിയിൽ കാതോലിക്കാദിനാഘോഷങ്ങൾ ഇടവകതലത്തിൽ അതതു പ്രദേശത്തെ കൊവിഡ്-19 മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്രമീകരിക്കപ്പെടേണ്ടതാണ്. ആയതിൽ പ്രിയനും കുടുംബാംഗങ്ങളും താത്പര്യപൂർവ്വം പങ്കെടുക്കണം. പരിശുദ്ധ സഭയ്ക്കുവേണ്ടിയും നമ്മുടെ പൂർവ്വപിതാക്കന്മാർക്കുവേണ്ടിയും, ബലഹീനനായ നമുക്കുവേണ്ടിയും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാർ, വൈദികർ, വൈദിക വിദ്യാർത്ഥികൾ, സഭാ സ്ഥാനികൾ എന്നിവർക്കുവേണ്ടിയും പ്രാർത്ഥിക്കണം.

പരിശുദ്ധ സഭയുടെ വിവിധ ആവശ്യങ്ങൾക്കുള്ള പ്രധാനവരുമാനമാർഗ്ഗം കാതോലിക്കാ ദിനത്തിലെ ധനസമാഹരണത്തിലൂടെ ലഭിക്കുന്ന തുകയാണ്. പരിശുദ്ധ സഭയുടെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആത്മീയ സംഘടനകളുടെ പുരോഗതിക്കും സഭയുടെ മറ്റ് പൊതുവായ ആവശ്യങ്ങൾക്കും കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ നാം പ്രധാനമായും ആശ്രയിക്കുന്നത് ഈ വർഷവും ക്രമീകരിക്കുന്ന കാതോലിക്കാ ദിനകവർകളക്ഷനെത്തന്നെയാണ്. കൊവിഡ് -19 രോഗബാധ ലോകമെങ്ങും ഏറെ പ്രത്യാഘാതങ്ങൾ ഉളവാക്കിയിട്ടുണ്ട്. മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഏറെ മാന്ദ്യത്തിന് ഇത് കാരണമായിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. എങ്കിലും, നമ്മുടെ കർത്താവിന്റെ ശരീരമായ പരിശുദ്ധ സഭയുടെ പ്രവർത്തനങ്ങൾ ഏറ്റവും കാര്യക്ഷമമായി മുമ്പോട്ട് കൊണ്ടുപോകേണ്ടത് ആവശ്യമാണല്ലോ. പത്ത് കോടി രൂപയെങ്കിലും 2021-22 വർഷം കാതോലിക്കാദിനകവർകളക്ഷനിലൂടെ സമാഹരിക്കണമെന്നാണ് പരിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്. **ആയതിനാൽ പ്രിയന്റെ കുടുംബവരുമാനത്തിന്റെ ഒരംശം, അതായത് ഒരുദിവസത്തെ ശരാശരി വരുമാനമെങ്കിലും, സഭയ്ക്ക് നൽകണമെന്ന് സ്നേഹപൂർവ്വം നാം താത്പര്യപ്പെടുന്നു.** പ്രിയനും കുടുംബത്തിനും സമൃദ്ധമായ ദൈവാനുഗ്രഹവും കാതോലിക്കാദിനമംഗളങ്ങളും നേരുന്നു.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2021 ജനുവരി മാസം 27-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

# CATHOLICATE DAY COLLECTION

## RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31ST MARCH 2020

| RECEIPTS | Amount |
|---|---|
| To Opening Balances:- | |
| SBI FD A/c No.37845416346 | 5,139,660.00 |
| SBI FD A/c No.37814817470 | 5,211,935.00 |
| SBI FD A/c No.37845417011 | 5,139,660.00 |
| SBI FD A/c No.37845417963 | 5,139,660.00 |
| SBI SB A/c No.57017053281 | 2,317,711.99 |
| SBI SB A/c No.57008125180 | 15,795,170.16 |
| SBI SB A/c No.67246017008 | 85,968.50 |
| SBI FD A/c No.67397326909 | 563,229.00 |
| SBI FD A/c No.67397327119 | 563,229.00 |
| SBI FD A/c No.67178307589 | 310,000.00 |
| | **40,266,223.65** |
| **Collection from Dioceses:** | |
| Thiruvananthapuram | 1,783,738.00 |
| Kollam | 2,146,750.00 |
| Kottarakkara-Punaloor | 1,086,100.00 |
| Adoor-Kadampanad | 1,872,043.00 |
| Thumpamon | 2,813,019.00 |
| Chengannoor | 2,069,911.00 |
| Mavelikkara | 2,275,276.00 |
| Niranam | 3,376,285.00 |
| Nilackal | 682,650.00 |
| Kottayam | 2,662,267.00 |
| Kottayam Central | 727,930.00 |
| Idukki | 647,647.00 |
| Kandanadu West | 1,724,031.00 |
| Kandanadu East | 643,116.00 |
| Angamaly | 1,225,543.00 |
| Kochi | 2,345,090.00 |
| Kunnamkulam | 1,171,920.00 |
| Trissur | 768,650.00 |
| Malabar | 1,416,128.00 |
| Sulthan Bathery | 770,075.00 |
| Brahmavar | 2,114,066.00 |
| Madras | 2,525,137.02 |
| Bangalore | 2,048,798.00 |
| Bombay | 6,215,361.00 |
| Ahemdabad | 2,950,300.00 |
| Calcutta | 1,095,496.00 |
| Delhi | 5,942,445.00 |
| South West America | 6,667,760.00 |
| North East America | 15,824,948.00 |
| Europe-UK-Africa | 499,224.00 |
| Church Collection | 2,848,360.00 |
| Colleges | 538,400.00 |
| Schools | 419,200.00 |
| Individuals | 272,418.00 |
| Direct Control | 25,750.00 |
| | **82,195,832.02** |
| Bank Interest | 1,939,115.72 |
| Donation received for Natural - Calamity through FCRA Account | 1,638,479.00 |
| Donation for Widow Pension | 1,200,000.00 |
| House Building Payable | 400,000.00 |
| **TOTAL** | **127,639,650.39** |

| PAYMENT | Amount |
|---|---|
| Catholicate Aramana | 7,200,000.00 |
| Catholicate Office | 5,500,000.00 |
| Catholicose Office | 4,000,000.00 |
| Inter Church relation, WCC,NCC etc. | 1,942,565.72 |
| Viswasa Paripalana Samithy | 300,000.00 |
| Kottayam Theological Seminary | 350,000.00 |
| Nagpur St.Thomas Seminary | 350,000.00 |
| Field Study Programe-Theological Smnry | 105,000.00 |
| Spiritual Organisations | 550,000.00 |
| Sruthi School of Litergical Music | 35,000.00 |
| Sick,MAF,SAF etc. | 105,000.00 |
| St.Thomas Vaideeka Sangam | 70,000.00 |
| M.O.C.Publications | 25,000.00 |
| Divya Bodhanam | 70,000.00 |
| Mission Board | 350,000.00 |
| Hospitals | 220,000.00 |
| Orphanages/Welfare Homes | 380,000.00 |
| Holy Episcopal Synod | 1,100,000.00 |
| Thiruvithamcode Pilgrim Centre | 70,000.00 |
| Kundara Seminary | 175,000.00 |
| M S Seminary, Thazhakara | 10,000.00 |
| Environmental Commission | 70,000.00 |
| Natural Calamity | 700,000.00 |
| **By Special Grants** | |
| Kottarakara-Punaloor Diocese | 350,000.00 |
| Bhramavar Diocese | 1,500,000.00 |
| Nilackal Diocese | 350,000.00 |
| Sopana Academy, Njaliakuzhy | 250,000.00 |
| By Grant to Snehasparsham | 500,000.00 |
| By House Building Assistance | 1,800,000.00 |
| Undeveloped Churchs/- Parsonages/C.Centres | 4,055,000.00 |
| Marriage Assistance | 1,860,000.00 |
| Medical & Educational Assistance | 1,400,000.00 |
| Sleeba Dasa Samooham-House building | 700,000.00 |
| Priest Welfare Fund | 3,100,000.00 |
| Metropolitan Share | 2,000,000.00 |
| Diocesean Share | 2,093,412.00 |
| **By Transfer to General Account:** | |
| 1) For Priest Salary Subsidy | 6,000,000.00 |
| 2) For Land & Church Development | 1,340,000.00 |
| **By Insurance** | |
| Priests | 12,502,000.00 |
| BPL Members/Care takers/- sextons of the Church | 439,500.00 |
| By Oldage Pension | 300,280.00 |
| Pavana Smruthy | 450,000.00 |
| Cover Collection Expenses | 1,766,069.00 |
| BMC Fund | 70,000.00 |
| By Nariyapuram Vaideeka Sadanam | 100,000.00 |
| Bank Charges | 211,400.70 |
| Social Welfare, Stipend, Awards etc. | 724,117.00 |
| Educational Scholarship-S/School students | 485,000.00 |
| By St.Gregorios Dayabhavan,Tumkur | 70,000.00 |
| Vallikkattu Dayara, Vakathanam | 350,000.00 |
| St.Thomas Dayara, Vettickal | 50,000.00 |
| Above target collection to Dioceses | 3,966,618.00 |
| Above target Collection to Priest welfare | 440,735.00 |
| C.P.Chandy Memorial Award | 25,000.00 |
| OSSAE Kiran & Thanal | 1,000,000.00 |
| Uniform allowance to Financially Backward students | 450,000.00 |
| By Sahaya Hastam-Liver transplantation | 3,654,000.00 |
| Fund for Renovation-Aramana Chapel | 5,000,000.00 |
| Welfare of Nuns & Mission Workers of the Church | 100,000.00 |
| Felicitation to Church Litteratuer | 405,000.00 |
| Widow Pension | 2,136,000.00 |
| By Grant to Natural Calamity Account - for Flood Relief from FCRA Account | 3,180,000.00 |
| H. H. Baselios Geevarghese II Navathi | 3,999,651.00 |
| By Closing Balances: | |
| SBI FD A/c No.38780400746 | 5,000,000.00 |
| SBI FD A/c No.38780402201 | 5,000,000.00 |
| SBI FD A/c No.38780403362 | 5,000,000.00 |
| SBI SB A/c No.57017053281 | 4,877,497.24 |
| SBI SB A/c No.57008125180 | 13,396,260.27 |
| SBI SB A/c No.67246017008 | 7,392.46 |
| SBI FD A/c No.67397326909 | 598,576.00 |
| SBI FD A/c No.67397327119 | 598,576.00 |
| SBI FD A/c No.67178307589 | 310,000.00 |
| **TOTAL** | **127,639,650.39** |

Catholicate Office
Kottayam
25/08/2020

Adv. Biju Oommen
Association Secretary

Verified & found correct
For Unnoonni Paul & Co., CA. Saju C. Kuruvilla
Chartered Accountants